**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1728** | **05-07-2022 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് സർവ്വകലാശാലയിലെ പരീക്ഷ ക്രമക്കേടുകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ . പി . ഉബൈദുള്ള** | | **ഡോ. ആർ ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കാലിക്കറ്റ് സർവ്വകലാശാലയിലെ 2019 ബാച്ച് രണ്ടാം സെമസ്റ്റർ യു.ജി. വിദ്യാർത്ഥികളുടെ പരീക്ഷാഫലം അനന്തമായി വൈകാനിടയായ കാരണങ്ങൾ പഠിക്കാനും കാലിക്കറ്റ് സർവ്വകലാശാല പരീക്ഷ വിഭാഗത്തിൽ കൃത്രിമ ചെലാൻ നിർമ്മാണം, ധനകാര്യ ക്രമക്കേടുകൾ, വിദ്യാർത്ഥികളിൽ നിന്ന് കൈക്കൂലി വാങ്ങൽ എന്നിവ സംബന്ധിച്ച് അന്വേഷിക്കാനും 15.02.2022-ലെ 2022/112 സിൻഡിക്കേറ്റ് യോഗ തീരുമാന പ്രകാരം നിശ്ചയിച്ച സമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (എ) | രണ്ടാം സെമസ്റ്റർ ബിരുദ പരീക്ഷകളുടെ ഫലപ്രഖ്യാപനം വൈകാനിടയായ സാഹചര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കാലിക്കറ്റ് സർവ്വകലാശാലാ സിൻഡിക്കേറ്റ് അഞ്ചംഗ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി അന്വേഷണം നടത്തിവരികയാണ്.<br><br>15.02.2022 തീയതിയിലെ 2022/112* നമ്പർ സിൻഡിക്കേറ്റ് തീരുമാനമനുസരിച്ച് രൂപീകരിച്ച പ്രൊഫ.എം.എം.നാരായണൻ (കൺവീനർ), അഡ്വ.ടോം കെ.തോമസ്, ശ്രീ. അബ്ദുറഹിമാൻ എൻ.വി., ശ്രീ.കെ.ഡി.ബാഹുലേയൻ എന്നീ സിൻഡിക്കേറ്റ് അംഗങ്ങളടങ്ങിയ കമ്മിറ്റി 05.03.2022 ലെ 2022.133* നമ്പർ തീരുമാനപ്രകാരം ശ്രീ.ഇ.അബ്ദുറഹ്മാൻ, ശ്രീ.എ.കെ.രമേശ്ബാബു, ശ്രീ.ബാലകൃഷ്ണൻ.കെ.കെ. എന്നീ സിൻഡിക്കേറ്റ് അംഗങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി പരിശോധന പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ